# മാനുഷികഭാവങ്ങളുടെ മലർച്ചെണ്ട്

**(അബ്ദുൾ പുന്നയൂർക്കുളത്തിൻെറ "Bouquet of Emotions" എന്ന കവിതാസമാഹാരത്തിനു ഒരു നിരൂപണം)**

**സുധീർ പണിക്കവീട്ടിൽ**




കവിയും എഴുത്തുകാരനുമായ പ്രശസ്ത അമേരിക്കൻ മലയാളി ശ്രീ അബ്ദുൾ പുന്നയൂർക്കുളത്തിൻെറ "Bouquet of Emotions" എന്ന ഇംഗ്ലീഷ് കവിതാ സമാഹാരത്തിൻെറ ഒരു കോപ്പി അദ്ദേഹം എനിക്ക് അയച്ചുതന്നിരുന്നു. പലപ്പോഴായി അദ്ദേഹം എഴുതിയ കവിതകളുടെ സമാഹാരമാണിത്. മാനുഷികഭാവങ്ങൾക്ക് പൂക്കളുടെ നിറവും, ആ നിറങ്ങൾക്ക് വ്യത്യസ്തങ്ങളായ അർത്ഥങ്ങളുമുണ്ടെന്ന് കവിയായ അദ്ദേഹം മനസ്സിലാക്കിയത് കൊണ്ടായിരിക്കും പുസ്തകത്തിനു ഈ പേരു കണ്ടെത്തിയത്. വീണുകിടന്ന ഒരു പൂവിനെ നോക്കി മഹാകവി കുമാരനാശാനും ജീവിതത്തിൻെറ വ്യർഥതയെക്കുറിച്ച് എഴുതി. ഇവിടെ ഒരു മലർച്ചെണ്ടാണ് കവി കാണുന്നത്. അത് വാടുമെന്നു കവിക്കറിയാമെങ്കിലും അതിനെ കൈവിടാൻ കവി തയ്യാറല്ല. അതു വിവിധതരം പൂക്കളെ കൂട്ടികെട്ടിയ ഒന്നാണു. പ്രവാസത്തെ ഒരു പൂച്ചെണ്ടായി കാണുന്ന കവിമനസ്സ് പ്രതീക്ഷാഭരിതമാണ്.



Mr. Abdul Punnyoorkulam's poems are very easy to comprehend. He is basically a romantic poet but most of his poems evince his philosophical acumen. His poems show his power of imagination which outdoes reality.... These short and sweet poems fill your heart with happiness and arouse your thoughts. **Sudhir Panikkaveetil**

Abdul's poems are the vibrant fascinating philosophical yearnings of his heart. Fact and fantasy are beautifully mingled in his poems. His word magic is quiet, solemn, and bewitching. His diction is simple, his poetry is deep and subtle. Its simplicity and lucidity attract readers. **Silji. J. Tom, Malayalam Pathram, Subeditor**

Abdul's poems are just a bouquet of emotions and beautiful images! They are as beautifully knitted as a quilt. He gives hope to the reader. **Mariela C. Griffor, Journalist,Writer – Wayne State University**

Abdul's poems show the rhythm, compassion and fascinating philosophical insights of life. They loom large in the mind like mountains. **Munjinad Padmakumar**

Many people dream of writing a book. Abdul has made that dream come true, not just once, but twice, using both true life experience and his imagination to create both poetry and short stories that he can be proud of. **Cheryl Pickett, Author, Publishing Coach**

A sense of yearning pervades Abdul's works as he tackles themes that cross cultural boundaries. His collection contains symbols both complex and simple yet always touching, often haunting images of life and love and loss. **Sue Pauling, Freelance Editor**

നമുക്കു പരിചയമുള്ള ചില പൂക്കളുടെ അർത്ഥം പരിശോധിക്കാം. പനിനീർപൂവ് – ഇത് സ്നേഹം, ആനന്ദം, സൗന്ദര്യം എന്നതിൻെറ പ്രതീകമത്രെ. ഈ പൂക്കളുടെ നിറമനുസരിച്ച് അതിൻെറ ഭാവങ്ങൾ മാറുന്നു. ചുവന്നറോസ് പ്രണയത്തിൻേറയും ഇളംചുവപ്പ് റോസ് നന്ദിയുടേയും വെള്ളറോസ് പവിത്രതയുടേയും മഞ്ഞ സുഹ്രുബന്ധത്തിനേയും കാണിക്കുന്നു. സൂര്യകാന്തി പൂക്കൾ വിശുദ്ധചിന്തകൾ, ആരാധന, സമർപ്പണം എന്നിവ പ്രകടിപ്പിക്കുന്നവയാണ്. എന്നാൽ മാനുഷിക വികാരങ്ങൾക്ക് എണ്ണമറ്റ നിറവും അവയ്ക്കെല്ലാം വ്യത്യസ്ത ഭാവങ്ങളുമാണ്. അതു കൊണ്ടായിരിക്കും കവിതാസമാഹാരത്തെ വികാരങ്ങളുടെ പൂച്ചെണ്ട് എന്നു കവി വിശേഷിപ്പിക്കുന്നത്. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഓടികൊണ്ടിരിക്കുന്ന മാനുഷികവികാരങ്ങൾ ചവുട്ടിമെതിച്ചു പോകുന്ന മണ്ണിൽ ജീവിതത്തിൻെറ അടയാളങ്ങൾ അവശേഷിപ്പിക്കുന്നു. കവികൾ വാസ്തവത്തിൽ പ്രവാസികളാണ്. അവർ അന്വേഷിക്കുന്നത് എന്താണ് എന്ന് ശ്രദ്ധിക്കാതെ, അന്വേഷണം തുടർന്നുകൊണ്ടിരിക്കുന്നു. ഒരുപക്ഷെ, വ്യക്തമായ ലക്ഷ്യത്തോടെ, അല്ലെങ്കിൽ വെറുതെ കൗതുകകരമായ ഒരു സഞ്ചാരസുഖം തേടി. അപ്പോൾ കവി അക്ഷരാർത്ഥത്തിൽ പ്രവാസിയാകുന്നു.

ആരും ഈ ലോകത്ത് നിന്നും ജീവനോടെ രക്ഷപ്പെടുന്നില്ല. മരണം എന്ന അനിവാര്യതയിലൂടെ മനുഷ്യരാശി ഈ ലോകം വിടുന്നു. എന്നാൽ പ്രവാസികൾ ജീവനോടെ അവരുടെ പിറന്ന നാട്ടിൽ നിന്നും ഓരോരോ കാരണങ്ങളാൽ ഒരു വ്യത്യസ്ത രാജ്യത്ത് എത്തിപ്പെടുന്നു. ജീവിതം അവിടെ കെട്ടിപ്പടുക്കുമ്പോഴും ഗ്രഹാതുരത്വം എന്ന വേദന അവരെ ബാധിക്കുന്നു. എഴുത്തുകാർ അവരുടെ പേനയിലെ മഷി ഒത്തിരി വറ്റിച്ചിട്ടുണ്ട് ഈ വികാരങ്ങളെ കടലാസ്സിലാക്കാൻ.

പ്രവാസത്തെക്കുറിച്ചുള്ള സൂചനാത്മകമായ കുറെ കവിതകൾ ഈ പുസ്തകത്തിലുണ്ട്. അതിലൊന്നാണ് Alien എന്ന കവിത പേരു

സൂചിപ്പിക്കുന്നപോലെ അന്യദേശത്തെത്തുന്ന ഒരാളുടെ മനോവികാരങ്ങളാണ്. കവിതയിലെ ബിംബങ്ങളെ നമുക്ക് പരിശോധിക്കാം. ഭാഷ, കലങ്ങിയ കുളം, ആമ്പൽപൂ, (പരിശുദ്ധിയുടെ പ്രതീകമാണ്) വഴിപോക്കൻ, അയാളുടെ ലക്ഷ്യം. പ്രവാസിയെ ആദ്യം അഭിമുഖീകരിക്കുന്ന പ്രശ്നമാണ് ഭാഷ. അതിവിടെ രസകരമായി പ്രതിപാദിക്കുന്നു. ഒരേ ഭാഷ പറഞ്ഞാലും രണ്ടു കൂട്ടർക്കും മനസ്സിലാകാത്ത അവസ്ഥ. മാത്രുഭാഷയുടെ ചുവകലർത്തി പ്രവാസരാജ്യത്തെ ഭാഷ പറയുമ്പോൾ അമ്പരക്കുന്ന അവിടത്തെ മനുഷ്യർ എന്തുകൊണ്ട് തൻെറ ഭാഷ അവർക്ക് മനസ്സിലകുന്നില്ലെന്ന് മനസ്സിലാകാതെ പരിഭ്രമിക്കുന്ന പ്രവാസിയെ ഭയത്തോടെ നോക്കിക്കാണുന്ന സ്വദേശികൾ (My anxiety scares people away; the flower is my only life's hope!), സ്വന്തം അസ്തിത്വം പുതിയ രാജ്യത്തുറപ്പിക്കാനുള്ള ബദ്ധപ്പാടിൽ അവർ കൈവശമുള്ള ഭാഷ തന്നെ പറയുന്നു. കുളം എന്നുദ്ദേശിക്കുന്നത് കെട്ടികിടക്കുന്നത് എന്നർത്ഥത്തിൽ തന്നെ. അതിലെ വെള്ളം കലങ്ങിയതാണു. കാരണം അതിലേക്ക് പ്രവാസമെന്ന വെള്ളമൊഴുകികൊണ്ടിരിക്കുന്നു. എന്നാൽ അതിൽ വിരിയുന്ന പൂ ശോഭായമാനമായ ലില്ലിയാണ്. സൂര്യാസ്തമയത്തിൽ പൂക്കൾ വാടുമെന്ന സൂചനയിലൂടെ പ്രവാസം തേജോമയമാക്കാൻ സമയം കളയരുതെന്നും അറിയിക്കുന്നു. വളരെ ലളിതമായ ബിംബ കല്പ്പനയിലൂടെ ഒരു പ്രവാസിയുടെ ജീവിതത്തിൻെറ രൂപരേഖ ഇതിൽ വരച്ചിരിക്കുന്നു.

പ്രവാസജീവിതത്തിൻെറ നേർച്ചിത്രങ്ങൾ പ്രതിമാനങ്ങളിലൂടെ പ്രദർശിപ്പിക്കുന്നത് പല കവിതകളിലും കാണാവുന്നതാണ്. വിശന്നപ്പോൾ ദൈവം തന്ന പഴം പകുതിയോളം തിന്നപ്പോഴാണ് അതിൽ ഒരു പുഴുവിനെ കാണുന്നത്. എന്നിട്ടും ദൈവത്തിനെ സ്തുതിച്ചു. അദ്ധ്വാനത്തിൻെറ ഫലത്തിൽ പുഴുവിനെ കാണുമ്പോൾ അത് എന്തിനെ സൂചിപ്പിക്കുന്നു("I Praise you – page 8). പ്രവാസം നൽകുന്ന അനുഗ്രഹങ്ങൾക്കൊപ്പം നമുക്ക് അപ്രീതിയുളവാക്കുന്ന സംഭവങ്ങളും നിറയുന്നു എന്ന് കവിക്ക് ബോദ്ധ്യമുണ്ട്. കാലിൽ ചങ്ങല കിടന്നിട്ടും രാത്രികൾ അവസാനിക്കാതിരുന്നിട്ടും മറികടക്കാൻ അപാരമായ മരുഭൂമികൾ ഉണ്ടായിട്ടും സൂര്യോദയം കാണാതിരുന്നിട്ടും പ്രവാസികൾ അവരുടെ ദ്രുഢനിശ്ചയത്തിൽ നിന്നും ഇളകുന്നില്ലെന്നു കവി ആലങ്കാരികമായി പറയുന്നു (Indian Philosophy page 9). ഭാഷയും ആചാരങ്ങളും അവരെ ചുറ്റിപ്പിടിക്കുന്നു. കവി പറയുന്നത് നമ്മൾ പ്രവാസ രാജ്യത്തെ ജനങ്ങളിൽ കാണുന്നത് നമ്മളെ തന്നെയാണെന്നാണു; കാരണം അവരും ഒരിക്കൽ പ്രവാസികളായിരുന്നു. ആ തിരിച്ചറിവിൻെറ നേരിയ ഒരു വിടവ് മറികടക്കാൻ പ്രയാസമുള്ളവരാണു പ്രവാസരാജ്യത്ത് പരാജയപ്പെടുന്നത് എന്ന സൂചനയും നൽകുന്നു.

ആലങ്കാരിക പ്രയോഗങ്ങൾ കവിക്ക് വളരെ പ്രിയതരമാണെന്ന് മറ്റു കവിതകൾ വായിക്കുമ്പോഴും ബോദ്ധ്യപ്പെടാവുന്നതാണ്. – പക്ഷികൾ എന്നെ പിന്തുടരുമ്പോൾ പട്ടങ്ങളെ പറപ്പിച്ചുകൊണ്ട് ഞാൻ നടക്കുകയാണെന്ന് എനിക്ക് തോന്നുന്നു. നാം നടക്കുമ്പോൾ നമ്മളെ പിന്തുടരുന്ന മേഘങ്ങളുടെ ഓർമ്മ കവിയെ ബാല്യകാലത്തേക്ക് കൊണ്ടുപോകുന്നു(Birds and Clouds, Page 4 –When the birds are chasing me I feel like I'm flying many kites). മനുഷ്യനും പ്രക്രുതിയും തമ്മിലുള്ള സ്നേഹബന്ധത്തിൻെറ ഇപ്പോൾ മങ്ങികൊണ്ടിരിക്കുന്ന ഒരു ചിത്രം കവി വളരെ പ്രസാദാത്മകമായി പ്രദർശിപ്പിക്കുന്നു. അതേ സമയം വളർത്തു മ്രുഗങ്ങളോടുള്ള സ്നേഹത്തിൻെറ മുന്നിൽ മനുഷ്യരെ മറക്കുന്ന ഇന്നത്തെ സമൂഹത്തിൻെറ ഭ്രമാത്മകമായ മാനസികാവസ്ഥ കവി നമ്മെ ഓർമ്മിപ്പിക്കുന്നു. ഹ്രുദയമിടിപ്പുകളെ തീവണ്ടിയുടെ സഞ്ചാര താളത്തിനൊത്ത് ഉപമിക്കുന്ന കവി മനസ്സിലേക്ക് കയറി വരുന്ന ഭയങ്ങളും ഉൽക്കണ്ഠകളും വിവരിക്കുന്നത് തീവണ്ടി മുറികളിലേക്ക് കടന്നു വരുന്ന റൗഡിക ളായിട്ടാണ്. മനസ്സ് ശാന്തമാകുമ്പോൾ അത്തരം ഭീഷണികൾ ഒഴിഞ്ഞു പോകുന്നുവെന്നും ബിംബങ്ങളിലൂടെ പ്രതിപാദിച്ചിരിക്കുന്നു (New York City Subway, Page 15).

പ്രവാസം ഒരു കാലയളവ്വരെ തടവറയാകുന്നു. ചിലപ്പോൾ ആ തടവറയിൽ നിന്ന് നമ്മൾ രക്ഷപ്പെട്ടാലും നമ്മൾ സ്വതന്ത്രരാകുന്നില്ല. കാരണം നമ്മൾ അവിടത്തെ ആചാരങ്ങളിൽ അറിയാതെ അലിഞ്ഞുചേരുന്നു. ഗ്രഹാതുരത്വം കുറഞ്ഞുവരുന്നു. അദ്ധ്വാനിക്കാൻ കഴിയാതെ വരുന്ന നാളുകളിൽ പ്രവാസഭൂമി വീണ്ടും മാത്രുഭൂമിയായി പരിണമിക്കുന്ന ഒരു മാറ്റ പ്രക്രിയ കാലം വരുത്തുന്നു. പെറ്റമ്മയെക്കാൾ കൂടുതൽ കരുതൽ കാണിച്ച പോറ്റമ്മയായി അതിനു മനസ്സിൽ ഇടംകൊടുക്കും. പ്രതിസന്ധികളിൽ കൂടെ നിന്ന് പോരാടിയ പോറ്റമ്മയെന്ന പ്രവാസഭൂമിയെ കവി സ്നേഹിക്കുന്നു. അവരോട് പറയുന്നു എന്നെ സ്വന്തം മകനായി കാണുക (Mother, Page 12). പ്രവാസ ജീവിതത്തിൻെറ ശരിയായി പറഞ്ഞാൽ കുടിയേറ്റത്തിൻെറ അന്ത്യനാളുകളിൽ ഓരോ പ്രവാസിക്കും ഉണ്ടാകുന്ന മാനസിക പരിണാമം കലാപരമായി ആവിഷകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ ആയതുകൊണ്ട് വാക്കുകളുടെ കളിയും രസകരമായി ഉപയോഗിച്ചിരിക്കുന്നു. ഫ്രീഡം, ഫ്രീ (Freedom, Free) എന്ന വക്കുകൾ ഒരു തടവു പുള്ളി ഉപയോഗിക്കുമ്പോൾ ഉരുത്തിരിയുന്ന അർത്ഥത്തിൻെറ ചില സ്വാധീനങ്ങൾ ടർക്കിഷ് പ്രിസണർ എന്ന കവിതയിൽ കാണാം.

കവിതകൾ പൊതുവായി പ്രവാസമെന്ന വിഷയത്തിലാണു ഒതുങ്ങി നില്ക്കുന്നത്. അതിനോടനുബന്ധിച്ച് വരുന്ന വികാരങ്ങളാണു കവിതകളിലെ പ്രമേയം (Theme). അതുകൊണ്ട് സ്വയം ഒരു പ്രവാസിയായ കവി പലയിടത്തും അത്തരം വികാരങ്ങൾ ഉളവാകുന്ന വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് പ്രകടമാണു. അമേരിക്ക ഒരു മങ്ങിയ പനിനീർപൂവ് പോലെ, നിശ്ശബ്ദമായ ഒരു പിയാനോ പോലെ, ശുശ്രൂഷ കേന്ദ്രങ്ങളിലെ സ്ഥിര അന്തേവാസിയെന്ന പോലെ, മുന്നോട്ട് നോക്കുമ്പോൾ ലക്ഷ്യം സീമകൾക്കപ്പുറം കാണപ്പെടുന്ന, തിരിഞ്ഞു നോക്കുമ്പോൾ വിട്ടുപോന്ന കരയിലേക്ക് ഒത്തിരി ദൂരം അനുഭവപ്പെടുന്ന, അങ്ങനെ പ്രതിമാനങ്ങൾ അനവധി (No Particular Reason, Page 20). യാന്ത്രികതയുടെ വിരസമായ പ്രയാണത്തിൽ യുവത്വം നഷ്ടപ്പെടുന്നത് കവി മനസ്സിലാക്കുന്നു. സ്നേഹസാരത്തെക്കുറിച്ച് സംസാരിക്കാൻ വേണ്ടി എന്നും യുവാവായിരിക്കാൻ കവി മോഹിക്കുന്നു.

കവി ഉപയോഗിച്ചിരിക്കുന്ന ബിംബങ്ങൾക്ക് നാം കല്പ്പിക്കുന്ന അർത്ഥങ്ങൾ നമ്മുടെ കാഴ്ച്ചപ്പാടിൽ നിന്നാണ്. ഇലപൊഴിഞ്ഞ മരങ്ങളും ശീതക്കാറ്റും ശിശിരത്തെ സൂചിപ്പിക്കുന്നു. ശിശിരകാലം നമ്മെ ചിന്താകുലരാക്കുന്നു; അന്തർമുഖരാക്കുന്നു. അതിനോടു യോജിച്ചുപോകാൻ നമ്മെ ശീലിപ്പിക്കുന്നു. മകൾക്കുവേണ്ടി ദുശ്ശീലങ്ങൾ ഉപയോഗിച്ച അമ്മ ആ ശീലങ്ങൾ മകളിൽ കാണുമ്പോൾ മാറി മാറി വരുന്ന പ്രക്രുതിയുടെ ഋതുക്കളിൽ സാന്ത്വനം തേടുന്നു (Weeping Mother, Page 33). കവിതകൾ ഒരമേരിക്കൻ മലയാളിയുടെ ചിന്തകളിലൂടെ രൂപപ്പെട്ടുവരുന്നതായിട്ടാണു മനസ്സിലാകുക. ദുർവ്വിധിയുടെ കെണിയിൽപ്പെട്ടു കിടക്കുന്നവർ എന്ന കവിതയിൽ അമേരിക്ക ഗൾഫ് രാജ്യങ്ങളുമായി നടത്തുന്ന പോരാട്ടങ്ങളെ വിമർശിക്കുന്നുണ്ട്. ആരാണു ധൈര്യശാലി, ആരാണു കൂടുതൽ ധൈര്യശാലി, ആർ ആരെ ചതിക്കുന്നു, ആർ ആരെ സ്വതന്ത്രരാക്കുന്നു. വിദ്വേഷമാണോ, മതമാണോ, അധികാരമാണോ, ആരാണു ക്രൂരനായ കഴുകൻ. അതുകണ്ടുപിടിക്കാൻ വർഷ വർഷങ്ങളുടെ കുടിപ്പകയിലേക്ക് തിരിച്ചു നടക്കണമെന്നു കവി പറയുമ്പോൾ സംക്ഷിപ്തരൂപത്തിൽ സമഗ്രമായി പറയുക എന്ന ശൈലി ഉപയോഗിച്ചിരിക്കയാണ് (Trapped In The Doom, Page 30).

പ്രവാസഭൂമിയിൽ നഷ്ടപ്പെടുന്ന അവസരങ്ങളെക്കുറിച്ചും കവി ഉൽക്കണ്ഠയുള്ളവനാണു; അതേസമയം ക്ഷണികമായ ജീവിതത്തെപ്പറ്റിയും. ജീവിതത്തിൻെറ സമയസൂചി നിലക്കുന്നതിനു മുമ്പ് ലക്ഷ്യങ്ങളിൽ എത്താനുള്ള വെമ്പലിനെപ്പറ്റിയും ചിന്തിക്കുന്ന കവി താത്വികമായ ചില

കണ്ടെത്തലുകൾ വായനക്കാർക്കായി നല്കുന്നു. ആകാശത്തെ ലക്ഷ്യമാക്കുകയെന്നാൽ ഉയർന്ന ചിന്തയെന്നർത്ഥമെന്ന് കവിയും സ്ഥാപിക്കുന്നു. ഇവിടെ കവി പ്രസാദാത്മകമായി വായനക്കാരോട് വിളിച്ചു പറയുന്നു ആ ആകാശം അകലെയല്ല, മലാഖമാരെപ്പോലെ പറക്കാൻ നിങ്ങൾ ചിറകുകൾ നെയ്യുക (The Naked Truth About Life, Page 14).

അധികം ദുരൂഹതകൾ ഒന്നും രചനകളിൽ കലർത്താത്ത ഒരു രീതി സ്വീകരിച്ചുകൊണ്ട്, വളരെ മനോഹരവും അതേസമയം താത്വികമായ ഭാവങ്ങൾ പ്രകടിപ്പിക്കുന്നവയുമായ ഇരുപത്തിയൊമ്പത് കവിതകൾ വായനക്കാർക്ക് വളരെ ഹ്രുദ്യമായ ഒരു അനുഭൂതി പകരുന്നവയാണു. ഈ കവിതാസമാഹാരത്തിനു അവതാരിക എഴുതിയ പ്രശസ്ത ഭിഷഗ്വരനും വാഗ്മിയുമായ ഡോക്ടർ എം. വി. പിള്ള ശ്രീ പുന്നയൂർക്കുളത്തിൻെറ കവിതകൾ നൈസ്സർഗികവും ജന്മനാഉള്ളതും സ്വച്ഛന്ദമായി ഒഴുകിവരുന്നതുമാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീ പുന്നയൂർക്കുളത്തിൻെറ ഇംഗ്ലീഷ് കവിതകൾ അമേരിക്കയിൽ നിന്നിറങ്ങുന്ന പ്രസിദ്ധീകരണങ്ങളിൽ വരുന്നത് വായനാപ്രിയർക്ക് സന്തോഷകരമാകുമെന്ന് വിശ്വസിക്കുന്നു. പുസ്തകത്തിൻെറ കോപ്പി വേണ്ടവർക്ക് ആമസോൺ വഴി ബന്ധപ്പെ ടാവുന്നതാണ്.

കവിക്ക് മംഗളാശംസകൾ !!

**ശുഭം**